പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1527 15.06.2012 ൽ മറുപടിയ്ക്ക്

**സാമൂഹ്യക്ഷേമ പദ്ധതികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ഉബൈദുള്ള** **ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കി<br>1. വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം<br>2. ജെൻഡർ പാർക്ക്(കോഴിക്കോട്)<br>3. എൻഡോ സൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ്<br>4. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി<br>5. കൂടുതൽ സ്ഥലങ്ങളിൽ വയോമിത്രം പദ്ധതി<br>6. ബധിരരായ കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ<br>7. നിർഭയ പദ്ധതി<br>8. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം നല്കുന്ന "സ്നേഹപൂർവ്വം" പദ്ധതി<br>9. മാതൃകാ അംഗൻവാടികളുടെ നിർമ്മാണം<br>10. അവിവാഹിതരായ അമ്മമാർക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രതിമാസ ധനസഹായം 1000 രൂപയായി വർദ്ധിപ്പിച്ചു. |
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷേമ പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | ബി | സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കുന്ന വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | പ്രതിമാസ നിരക്ക് 300/- രൂപയിൽ നിന്നും 01.04.2011 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ 2012-2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സാമൂഹ്യ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട് |
| സി | പുതിയ സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | സി | സ്ത്രീകൾക്കായുള്ള ഇ-ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സെന്ററുകൾ, തിരുവനന്തപുരത്തും എറണാകുളത്തും ജെൻഡർ പാർക്കുകൾ പാരാപ്ലേജിക്ക് രോഗികൾക്ക് മാതൃകാ പുനരധിവാസ കേന്ദ്രം തുടങ്ങിയവയാണ് പുതുതായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന മുഖ്യപദ്ധതികൾ. |

R. Vijayakumar (signature)

സെക്ഷൻ ഓഫീസർ